## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7097

11.07.2014 ൽ
മറുപടിക്ക്

### എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം

**ചോദ്യം**

**മറുപടി**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) ഇതു സംബന്ധിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി)<br>പ്രൊഫ. രവീന്ദ്രനാഥ് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും സംസ്ഥാനത്തെ സർവ്വകലാശാലകൾ ഈ വിഷയത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ടും പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (സി)1997 മുതൽ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് അദ്ധ്യാപകരെ നിയമിച്ചെങ്കിലും അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) ഓരോ വർഷവും പുതിയ കോഴ്സുകൾ അനുവദിക്കുന്നതനുസരിച്ച് അനദ്ധ്യാപകരെ നിയമിക്കാത്തതു മൂലമുള്ള പ്രയാസങ്ങൾ ദൂരീകരിക്കാൻ ഈ വിഭാഗക്കാർക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കുന്ന വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലിൻ മേൽ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന വിഷയങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം സർക്കാർ എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ